**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1783** **09-12-2022 - ൽ മറുപടിയ്ക്ക്**

**സ്മാർട്ട് കൃഷിഭവനുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ സേവനങ്ങൾ കാര്യക്ഷമവും സുതാര്യവും ആയി നടപ്പിലാക്കാൻ ഉദ്ദേശിച്ച് കൊണ്ടുള്ള സ്മാർട്ട് കൃഷിഭവൻ പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ; സംസ്ഥാനത്ത് എത്ര കൃഷിഭവനുകളാണ് ആദ്യഘട്ടത്തിൽ സ്മാർട്ട് കൃഷിഭവനുകളാക്കുന്നതെന്ന് അറിയിക്കാമോ? | (എ) | കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ സേവനങ്ങൾ കാര്യക്ഷമമായും സുതാര്യമായും കർഷകരുടെ വിരൽത്തുമ്പിൽ എത്തിക്കുന്നതിനാണ് 'സ്മാർട്ട് കൃഷിഭവൻ' പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. കർഷക സമൂഹത്തിന്റെ എല്ലാ ആവശ്യങ്ങളും ഏകജാലക സംവിധാനത്തിൽ നിറവേറ്റുന്നതിനായി കൃഷിഭവനെ സ്മാർട്ട് കൃഷിഭവനാക്കി മാറ്റുക എന്നാണ് ലക്ഷ്യമിടുന്നത്. സർവ്വീസ് ഡെലിവറി, അടിസ്ഥാന സൗകര്യങ്ങൾ, ഇൻഫർമേഷൻ സിസ്റ്റം എന്നിങ്ങനെ മൂന്നു മേഖലകളിൽ കൃഷിഭവനെ മികച്ചതാക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം.<br><br>സ്മാർട്ട് കൃഷിഭവൻ പദ്ധതിയുടെ പ്രധാന ഘടകങ്ങൾ താഴെ ചേർക്കുന്നു.<br><br>1. പഞ്ചായത്തിന്റെ വിഭവ ഭൂപടം തയ്യാറാക്കുകയും അടിസ്ഥാന വിവരങ്ങളെ കമ്പ്യൂട്ടർ വൽക്കരിക്കുകയും ചെയ്യുക.<br><br>2. വിള ആരോഗ്യ ക്ലിനിക്കും ബയോ ഫാർമസിയും.<br><br>3. കൃഷിഭവനുകളിൽ IT അനുബന്ധ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുക.<br><br>4. കൃഷിഭവനുകളെ കടലാസ് രഹിത അത്യാധുനിക ഓഫീസുകളാക്കി മാറ്റുക.<br><br>5. സ്മാർട്ട് കാർഡ് സംവിധാനം.<br><br>6. കൃഷിഭവനുകളിൽ ആധുനിക സജ്ജീകരണങ്ങളോടെ ഫ്രണ്ട് ഓഫീസ് ഇൻഫർമേഷൻ സെന്റർ സ്ഥാപിക്കുക.<br><br>7. കൃഷിഭവനുകളുടെ നവീകരണം. |

| | | | |
|---|---|---|---|
| | | | 8. വിവിധ ഉത്പാദനോപാധികളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനുള്ള IT സംവിധാനം.<br><br>9. ആധുനിക വിപണന സംഭരണ സംവിധാനം.<br><br>10. കാർഷിക കർമ്മ സേന/അഗ്രോ സർവ്വീസ് സെന്റർ.<br><br>ആദ്യഘട്ടത്തിൽ 140 കൃഷിഭവനുകളെ സ്മാർട്ട് കൃഷിഭവനുകളാക്കുവാനാണ് ലക്ഷ്യമിടുന്നത്. 2022-23-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 28 കൃഷിഭവനുകളെയും ആർ.ഐ.ഡി.എഫ് ട്രാഞ്ചെ XXVII പദ്ധതിയിൽ ഉൾപ്പെടുത്തി 14 കൃഷിഭവനുകളെയും സ്മാർട്ട് കൃഷി ഭവനുകളാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ